**15 -ാം കേരള നിയമസഭ**

**10 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3173** **14-02-2024 - ൽ മറുപടിയ്ക്ക്**

**മുഖദാർ ഫിഷ് ലാന്റിംഗ് സെന്റർ നിർമ്മാണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. അഹമ്മദ് ദേവർകോവിൽ | | ശ്രീ സജി ചെറിയാൻ<br>(മത്സ്യബന്ധനം, സാംസ്കാരികം, യുവജനകാര്യ വകുപ്പ് മന്ത്രി) | |
| (എ) | മുഖദാർ ഫിഷ് ലാന്റിംഗ് സെന്റർ നിർമ്മാണത്തിന്റെ നിലവിലെ സ്ഥിതി വ്യക്തമാക്കാമോ; | (എ) | മുഖദാറിൽ ഒരു ഫിഷ് ലാന്റിംഗ് സെൻറർ നിർമ്മിക്കുന്നതിനായി 3.10.2023 തീയതിയിലെ സ.ഉ(സാധാ)നം.779/2023/മഇവ പ്രകാരം 9.55 കോടി രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്. മേൽ പ്രവൃത്തി വിവിധ ഘട്ടങ്ങളിലായാണ് വിഭാവനം ചെയ്തിരിക്കുന്നത്. ഒന്നാം ഘട്ടത്തിൽ മുഖദാർ ബീച്ചിലേക്ക് ഇറിഗേഷൻ വകുപ്പ് നിർമ്മിച്ച ഗ്രോയിന്റെ പുനരുദ്ധാരണം, നെറ്റ് മെൻഡിംഗ് ഷെഡിന്റെ നിർമ്മാണവുമാണ് ഉള്ളത്. നിലവിലുള്ള ഗ്രോയിന്റെ പുനരുദ്ധാരണ പ്രവൃത്തിക്കായി 168.00 ലക്ഷം രൂപയുടെ എസ്റ്റിമേറ്റിന് സാങ്കേതികാനുമതി നൽകി ടെണ്ടർ നടപടികൾ പൂർത്തീകരിച്ച് കരാറുകാരനുമായി 08/01/2024- ന് ഉടമ്പടിയിൽ ഏർപ്പെട്ടിട്ടുണ്ട്. പ്രവൃത്തി ആരംഭിക്കുന്നതിനുള്ള പ്രാരംഭ നടപടികൾ കൈക്കൊണ്ടിട്ടുണ്ട്. ബാക്കി പ്രവൃത്തികൾക്ക് കോസ്റ്റൽ റെഗുലേറ്ററി സോൺ (CRZ) ക്ലിയറൻസ് ലഭ്യമാക്കി സാങ്കേതികാനുമതി എസ്റ്റിമേറ്റ് തയ്യാറാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. |
| (ബി) | കോഴിക്കോട് ജില്ലയിൽ മത്സ്യതൊഴിലാളികൾക്ക് വേണ്ടി നടപ്പിലാക്കുന്ന പുതിയ പദ്ധതികൾ, ആനുകൂല്യങ്ങൾ വെളിപ്പെടുത്താമോ; | (ബി) | മത്സ്യ തൊഴിലാളികളുടെ അടിസ്ഥാന സൗകര്യ വികസനത്തിനായി വെള്ളയിൽ ഫിഷിംഗ് ഹാർബറിൽ നബാർഡ് പദ്ധതിയിൽ 11.5 കോടി രൂപയുടെ പ്രവൃത്തികൾക്ക് ഭരണാനുമതി നൽകുകയും നെറ്റ് മെൻഡിംഗ് ഷെഡ്, കാന്റീൻ ബിൽഡിംഗ്, ടോയ്‌ലറ്റ് ബ്ലോക്ക്, ലോക്കർ റൂമുകൾ, പാർക്കിംഗ് ഏരിയ, ലോലെവൽ ജെട്ടി എന്നിവയുടെ നിർമ്മാണം പൂർത്തീകരിക്കുകയും ചെയ്തിട്ടുണ്ട്. വാട്ടർ കിയോസ്ക്, കവേർഡ് ഫിഷ് ലോഡിംഗ് ഏരിയ, ഡ്രെഡ്ജിംഗ്, യാർഡ് ലൈറ്റിംഗ് എന്നീ പ്രവൃത്തികൾ പുരോഗമിച്ചു വരുന്നു.<br><br>കൊയിലാണ്ടി ഫിഷിംഗ് ഹാർബറിൽ പി.എം.എം.എസ്.വൈ പദ്ധതിയിൽ ഉൾപ്പെടുത്തി |

20.90 കോടി രൂപയുടെ പ്രവൃത്തികൾക്ക് ഭരണാനുമതി നൽകിയിട്ടുണ്ട്. ടി പ്രവൃത്തികൾക്ക് സാങ്കേതികാനുമതി നൽകി നിർമ്മാണപ്രവൃത്തികൾ ആരംഭിച്ചിട്ടുണ്ട്. ആയതിൽ മത്സ്യത്തൊഴിലാളികൾക്ക് സാധന സാമഗ്രികൾ സൂക്ഷിക്കുന്നതിനായി ലോക്കർ മുറികൾ, വല നെയ്യുന്നതിനായി ഒരു നെറ്റ് മെൻഡിംഗ് ഷെഡ്, മത്സ്യ- ത്തൊഴിലാളികൾക്ക് വിശ്രമ മന്ദിരം , ബർത്തിംഗ് ജെട്ടിയുടെ നിർമ്മാണം, പാർക്കിംഗ് ഏരിയയുടെ നിർമ്മാണം, റോഡ് വികസനം, നിലവിലുള്ള നിർമ്മിതികളുടെ അറ്റകുറ്റ പണികൾ എന്നിവ ഉൾപ്പെടുത്തിയിട്ടുണ്ട്. കൂടാതെ മേൽ പദ്ധതിയിൽ 5.88 കോടി രൂപയുടെ ഡ്രഡ്ജിംഗ് പ്രവൃത്തിയും ഉൾപ്പെടുത്തിയിട്ടുണ്ട്.

പുതിയാപ്പ ഫിഷിംഗ് ഹാർബറിൽ പി.എം.എം.എസ്.വൈ പദ്ധതിയിൽ ഉൾപ്പെടുത്തി 16.06 കോടി രൂപയുടെ പ്രവൃത്തികൾക്ക് ഭരണാനുമതി നൽകിയിട്ടുണ്ട്. ടി പ്രവൃത്തികൾക്ക് സാങ്കേതികാനുമതി നൽകി നിർമ്മാണ പ്രവൃത്തികൾ ആരംഭിച്ചിട്ടുണ്ട്. കൂടാതെ മേൽ പദ്ധതിയിൽ 5.64 കോടി രൂപയുടെ ഡ്രഡ്ജിംഗ് പ്രവൃത്തിയും ഉൾപ്പെടുത്തിയിട്ടുണ്ട്.

ബേപ്പൂർ ഫിഷിംഗ് ഹാർബറിൽ പി.എം.എം.എസ്.വൈ പദ്ധതിയിൽ ഉൾപ്പെടുത്തി 5.94കോടി രൂപയുടെ ഡ്രഡ്ജിംഗ് പ്രവൃത്തിക്ക് ഭരണാനുമതി നൽകിയിട്ടുണ്ട്.

മത്സ്യത്തൊഴിലാളികൾക്ക് വേണ്ടി ഫിഷറീസ് വകുപ്പും അനുബന്ധ ഏജൻസികളും നടപ്പിലാക്കി വരുന്ന വിവിധങ്ങളായ പദ്ധതികൾ ചുവടെ ചേർക്കുന്നു.

1. പരമ്പരാഗത മത്സ്യത്തൊഴിലാളികൾക്ക് ഇൻസുലേറ്റഡ് ഫിഷ് ബോക്സ് നൽകുന്ന പദ്ധതി.
2. സമുദ്ര മത്സ്യബന്ധന ഉപകരണങ്ങൾക്കുള്ള ഇൻഷ്വറൻസ് പദ്ധതി.
3. "മോഡേണൈസേഷൻ ഓഫ് ഫിഷിംഗ് ഫ്ലീറ്റ്" യന്ത്രവൽകൃത മത്സ്യബന്ധന യാനങ്ങളിൽ വാട്ടർ ടാങ്ക് സ്ഥാപിക്കുന്ന പദ്ധതി.
4. "മോഡേണൈസേഷൻ ഓഫ് ഫിഷിംഗ് ഫ്ലീറ്റ്" യന്ത്രവൽകൃത മത്സ്യബന്ധന യാനങ്ങളിലെ തടികൊണ്ടുള്ള ഹൾ സ്റ്റീൽ ഹൾ ആക്കി മാറ്റുന്ന പദ്ധതി.
5. സമ്പാദ്യ സമാശ്വാസ പദ്ധതി.
6. മത്സ്യബന്ധന യാനങ്ങളുടെ ആധുനിക വൽക്കരണം – പരമ്പരാഗത

| | | | |
|---|---|---|---|
| | | | മത്സ്യത്തൊഴിലാളികൾക്ക് ലോങ് ലൈൻ ഫിഷിംഗ് ഉപകരണങ്ങൾ വിതരണം ചെയ്യുന്ന പദ്ധതി.<br>7. Sashmi grade tuna fishing പരിശീലന പരിപാടി<br>8. സ്രാങ്ക് പരിശീലന പദ്ധതി.<br>9. എഫ്.ആർ.പി. വള്ളവും വലയും നൽകുന്ന പദ്ധതി<br>10. "Sustainable marine fishing practice" പദ്ധതി - മത്സ്യത്തൊഴിലാളികൾക്ക് square mesh condent വിതരണം ചെയ്യുന്ന പദ്ധതി.<br>11. മത്സ്യബന്ധന യാനങ്ങളിലെ മണ്ണെണ്ണ എൻജിൻ പെട്രോൾ എൻജിൻ ആക്കി മാറ്റുന്ന പദ്ധതി.<br>12. മത്സ്യബന്ധന യാനങ്ങൾക്ക് ജി.പി.എസ് ഉപകരണം വിതരണം ചെയ്യുന്ന പദ്ധതി.<br><br>മത്സ്യത്തൊഴിലാളി വനിതകൾക്കായി സാഫ് മുഖേന ചെറുകിട തൊഴിൽ സംരംഭങ്ങളുടെ വികസനം, ജോയിന്റ് ലയബിലിറ്റി ഗ്രൂപ്പ് എന്നീ പദ്ധതികൾ നടപ്പിലാക്കുന്നു.<br><br>മത്സ്യത്തൊഴിലാളി ക്ഷേമനിധി ബോർഡ് മത്സ്യത്തൊഴിലാളികൾക്കായി 16 ക്ഷേമപദ്ധതികളും , അനുബന്ധ ത്തൊഴിലാളികൾക്കായി 10 ക്ഷേമപദ്ധതികളും നടപ്പിലാക്കി വരുന്നുണ്ട്. കൂടാതെ സർക്കാർ സഹായത്തോടെ പ്രത്യേക പദ്ധതികളായ തണൽ പദ്ധതിയും, സാന്ത്വനതീരം പദ്ധതിയും മത്സ്യബോർഡ് മുഖേന നടപ്പിലാക്കി വരുന്നുണ്ട്.<br><br>മത്സ്യഫെഡ് മുഖേന സീ ഫുഡ് കഫെ, ഫിഷ് മാർട്ടുകൾ എന്നിവ സ്ഥാപിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. |
| (സി) | കോഴിക്കോട് ജില്ലയിലെ ഫിഷറീസ് സ്കൂളുകളുടെ നവീകരണ പ്രവൃത്തികളുടെ സ്ഥിതി അറിയിക്കാമോ? | (സി) | 1. ഗവ. എൽ.പി.എസ് ബേപ്പൂർ വെസ്റ്റ്- ഓഡിറ്റോറിയം നിർമ്മാണം നടന്നു കൊണ്ടിരിക്കുന്നു.<br>2. ഗവ. എൽ.പി.എസ് ബേപ്പൂർ സൗത്ത് കെട്ടിട നിർമ്മാണം നടന്നു കൊണ്ടിരിക്കുന്നു.<br>3. ഗവ. എച്ച്.എസ്.എസ് ബേപ്പൂർ - അനുബന്ധ കെട്ടിടങ്ങളുടെ നിർമ്മാണം നടന്നു കൊണ്ടിരിക്കുന്നു.<br>4. ജി.ആർ.എഫ്.റ്റി.എച്ച്.എസ് ബേപ്പൂർ- ഗേൾസ് റെസ്റ്റ് റൂമിന്റെ നിർമ്മാണം നടന്നു കൊണ്ടിരിക്കുന്നു.<br>5. ഗവ. എൽ.പി.എസ് ബേപ്പൂർ പുതിയ കെട്ടിടത്തിന്റെ നിർമ്മാണം പുരോഗമിക്കുന്നു. |

| | | | |
|---|---|---|---|
| | | | 6. കൊയിലാണ്ടി ഫിഷറീസ് സ്കൂൾ- നവീകരണ പ്രവർത്തനങ്ങൾക്കായി 2024-25 സാമ്പത്തിക വർഷത്തെ ഘടക സ്ഥാപന നവീകരണ പ്രോജക്ടിൽ സ്കൂൾ നവീകരണ പ്രവർത്തനങ്ങൾ ഉൾപ്പെടുത്തിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ